ജനറൽ, ആംഡ് റിസർവ്വ് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

192 (6341) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്, ആംഡ് റിസർവ്വ് എന്നിവയിൽ സബ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എ.ആർ.സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ

193 (6342) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസ് ജില്ലാ ആംഡ് റിസർവ്വുകളിലെ എല്ലാ യൂണിറ്റുകളിലുമായി ആകെ എത്ര സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നു എന്നുള്ള വിവരം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര ഒഴിവുകൾ നാളിതുവരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ലാ അടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം ലഭ്യമാക്കുമോ ;

(ഡി) കേരളാ പോലീസ് ആംഡ് റിസർവ്വുകളിലെ എല്ലാ യൂണിറ്റുകളിലുമായി ഈ സർക്കാരിന്റെ കാലത്ത് റിട്ടയർമെന്റുവഴി എത്ര സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ; പ്രസ്തുത ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) ജില്ലാ ആംഡ് റിസർവ്വുകളിലെ റിസർവ്വ് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ സംബന്ധിച്ചുള്ള വിവരം റെയ്ഞ്ച് ഐ.ജി.മാരിൽ നിന്നും ശേഖരിച്ചു വരികയാണ്. പ്രസ്തുത ഒഴിവുകളുടെ എണ്ണം ലഭ്യമായാലുടൻ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികയിലെ 17 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly